പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2907

19.06.2014 ൽ മറുപടിക്ക്

**ഇന്ധനവിതരണം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന്:<br>,, വി.എം.ഉമ്മർ മാസ്റ്റർ:<br>,, പി.ഉബൈദുള്ള:<br>,, സി. മമ്മൂട്ടി: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിറ്റഴിക്കുന്ന പെട്രോൾ, ഡീസൽ, ഗ്യാസ് എന്നിവയുടെ അളവ്, തൂക്കം, പരിശുദ്ധി എന്നിവ പരിശോധിക്കാൻ സംസ്ഥാന സർക്കാരിന് എന്തെങ്കിലും സംവിധാനമുണ്ടോ; വിശദമാക്കുമോ; | (എ) | ലീഗൽ മെട്രോളജി വകുപ്പ് പരിശോധിച്ച് കൃത്യത ഉറപ്പാക്കി മുദ്രചെയ്ത അളവ്. തൂക്ക ഉപകരണങ്ങൾ വഴിയാണ് പെട്രോൾ, ഡീസൽ എന്നിവ വിതരണം നടത്തുന്നത്. പെട്രോൾ, ഡീസൽ, എന്നിവയുടെ പരിശുദ്ധി പരിശോധിക്കുന്നതിന് ഗവണ്മെന്റ് അനലിറ്റിക്കൽ ലാബോറട്ടറിയിൽ സാമ്പിളുകൾ പരിശോധനയ്ക്കയക്കുന്നുണ്ട്. ഡെലിവറി ബോയ്സിന്റെ പക്കലുള്ള തൂക്കപരിശോധനായന്ത്രം ഉപയോഗിച്ച് ഉപഭോക്താക്കൾക്ക് ഗ്യാസ് സിലിണ്ടറുകളുടെ തൂക്കം പരിശോധിക്കാവുന്നതാണ്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പരിശോധനാ സംവിധാനങ്ങൾ കാര്യക്ഷമമല്ലാത്തതിനാൽ മായം ചേർത്തും അളവിൽ കൃത്രിമം നടത്തിയും സംസ്ഥാനത്തെ ഉപഭോക്താക്കളെ കൊള്ളയടിക്കുന്ന രീതി അവസാനിപ്പിക്കാൻ ഉചിതമായ ഇടപെടൽ നടത്തുമോ; | (ബി) | അളവിലോ, തൂക്കത്തിലോ ഉള്ള കൃത്യത ഉറപ്പാക്കുന്നതിനായി പെട്രോൾ പമ്പുകളിലും മറ്റ് സ്ഥാപനങ്ങളിലും ലീഗൽ മോട്രോളജി വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥർ പരിശോധിക്കുകയും, കുറ്റകൃത്യം കണ്ടെത്തുന്ന പക്ഷം കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നു. |
| (സ്) | പാചകവാതക കണക്ഷന്റെ ഓണർഷിപ്പ് മാറുമ്പോൾ, നിലവിൽ ഡെപ്പോസിറ്റ് ഉള്ള കേസുകളിൽപ്പോലും അധിക ഡെപ്പോസിറ്റ് ഈടാക്കുന്ന നീതിരഹിതമായ നടപടിയിൽ ഇടപെടൽ ഉണ്ടാകുമോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | പാചകവാതക കണക്ഷന്റെ ഓണർഷിപ്പ് മാറ്റുമ്പോൾ, ഡെപ്പോസിറ്റ് നിലവിലുള്ള കേസുകളിൽ അധിക ഡെപ്പോസിറ്റ് ഈടാക്കുന്നതായി എണ്ണക്കമ്പനി അധികാരികൾക്ക് പരാതി ലഭിച്ചാൽ ഉചിത നടപടികൾ കൈക്കൊള്ളുന്നതാണെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ